**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4886 | 22.05.2017-ൽ മറുപടിയ്ക്ക് |

## ചേലക്കര ബൈപ്പാസ് റോഡ് നിർമ്മാണം ഊർജ്ജിതമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2016-17ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചേലക്കര ബൈപ്പാസ് റോഡ് നിർമ്മാണ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;<br><br>(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ;<br><br>(സി) പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (എ) (ബി) & (സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യപനമനുസരിച്ച്, ചേലക്കര ബൈപ്പാസ് നിർമ്മാണ പ്രവൃത്തി KIIFB വഴി നടപ്പിലാക്കുന്നതിനായി 27.09.2016-ലെ സ.ഉ. (സാധാ) നം. 1324/2016/ പൊ.മ.വ. പ്രകാരം 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ (RBDCK) നിയമിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പൊതുമരാമത്തു വകുപ്പിനെതന്നെ ഏൽപ്പിച്ചുകൊണ്ടും എസ്.പി.വി സ്റ്റാറ്റസ് ആർ.ബി.ഡി.സി.കെ യിൽ നിന്നും മാറ്റി KRFB-യെ ഏൽപ്പിച്ചുകൊണ്ടും 14/03/2017 ലെ സ.ഉ. (സാധാ) നം. 329/2017/ പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അലൈൻമെന്റ് പ്ലാനിന് ചീഫ് എഞ്ചിനിയർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ആവശ്യമായി വരുന്ന ഭൂമിയുടെ Wet land conversion നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തിയുടെ ഇൻവസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ എൽ.എ. നടപടികൾ പൂർത്തിയാകേണ്ടതുണ്ട്. ഇൻവസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ തയ്യാറാക്കി KIIFB യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടിക്രമങ്ങളിലേക്ക് കടക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ